പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 409 07.01.2014 -ൽ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.-യെ കമ്പനിയാക്കണമെന്ന ആസൂത്രണബോർഡിന്റെ ശുപാർശ

**ചോദ്യം**

ശ്രീ. എളമരം കരീം :
" പി. കെ. ഗുരുദാസൻ :
" എസ്. രാജേന്ദ്രൻ :
" കെ. കുഞ്ഞിരാമൻ (ഉദുമ) :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.-യെ കമ്പനിയാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടുണ്ടോ; ശുപാർശയിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും (സി) യും (ഡി) യും (ഇ) യും | കെ.എസ്.ആർ.ടി.സി കമ്പനിയാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡ് ശുപാർശ ചെയ്തിട്ടില്ല.<br>കേരളത്തിന്റെ സമഗ്രവികസനത്തിനായി സർക്കാർ ദീർഘകാല പദ്ധതി തയ്യാറാക്കാൻ സംസ്ഥാന ആസൂത്രണ ബോർഡിന്റെ നേതൃത്വത്തിൽ, ഡൽഹി ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക് റിസർച്ച് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത സ്ഥാപനത്തിലെ വിദഗ്ദ്ധർ കേരളത്തിലെ വിവിധ വികസന മേഖലകളെയും സാദ്ധ്യതകളെയും ലഭ്യമാകാവുന്ന വിഭവങ്ങളെയും സംബന്ധിച്ച് വിശദമായി പഠിക്കുകയും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരുമായി ദീർഘമായ ചർച്ചകളും കൂടിക്കാഴ്ചകളും നടത്തി "പെഴ്സ്പെക്ടീവ് പ്ളാൻ 2030" എന്ന കരട് പദ്ധതി തയ്യാറാക്കുകയും ചെയ്തു. ഈ കരട് പദ്ധതി വിവിധ തലങ്ങളിൽ ചർച്ചചെയ്യുകയും അതിൽ നിന്നുണ്ടായ നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് പൊതുജനങ്ങൾക്ക് അറിയാനും അഭിപ്രായം |
| (ബി) | സർക്കാരിന്റെ അറിവോടും സമ്മതത്തോടും കൂടിയാണോ ആസൂത്രണ ബോർഡ് ഇത്തരമൊരു ശുപാർശ നടത്തിയത്; | | |
| (സി) | ആസൂത്രണ ബോർഡ് ശുപാർശ രൂപീകരിക്കുന്ന ഘട്ടത്തിൽ ബന്ധപ്പെട്ട ആരെല്ലാമായി ചർച്ച ചെയ്യുകയുണ്ടായി; | | |
| (ഡി) | കെ.എസ്.ആർ.ടി.സി. വിഭജിച്ച് കമ്പനികളാക്കുന്നതു സംബന്ധിച്ച് സർക്കാർ ഏതെല്ലാം നിലയിൽ ചർച്ച ചെയ്യുകയുണ്ടായി ; | | |
| (ഇ) | പ്രസ്തുത ശുപാർശകൾ തള്ളിക്കളഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ, കാരണമെന്താണ്; സർക്കാർ നിലപാട് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്താനുമായി സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്യുകയുണ്ടായി. ഈ കരട് പദ്ധതിയിൽ കേരളത്തിലെ വിവിധ വികസന സേവന മേഖലകളെക്കുറിച്ച് വിശദമായി പ്രതി പാദിക്കുകയും 2030-മാണ്ടിൽ ആ രംഗങ്ങളിൽ വികസനം എങ്ങിനെ യായിരിക്കണമെന്ന് ചൂണ്ടിക്കാട്ടുകയും ആ നിലയിൽ എത്തുന്നതിലേക്ക് ഏത് വികസന മാതൃകയാണ് ഉണ്ടാകേണ്ട തെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാതൃകയുടെ ഭാഗമെന്നോണ മാണ് ഗതാഗത മേഖലയിൽ കെ.എസ്.ആർ.ടി.സി.യെ വിവിധ ട്രാൻസിറ്റ് അതോറിറ്റികൾ ആക്കി മാറ്റണമെന്ന് നിർദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ഈ കരട് നിർദ്ദേശം ആസൂത്രണ ബോർഡോ കേരള സർക്കാരോ അംഗീകരിച്ചിട്ടില്ല. പദ്ധതി ഇനിയും വിവിധ തലങ്ങളിലെ തൽപര കക്ഷികളുമായി ചർച്ച ചെയ്യാനും അഭിപ്രായങ്ങൾ തേടാനുമായി സമർപ്പി ക്കപ്പെട്ടിരിക്കുകയാണ്. ഈ ചർച്ചകളുടെ യൊക്കെ അടിസ്ഥാനത്തിൽ മാത്രമേ ടി കരട് പദ്ധതി തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ